"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധനാറിപ്പോർട്ട്- മൂവാറ്റുപുഴ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ.മാത്തുക്കുട്ടി, ക്ലാർക്ക് ശ്രീമതി.എൻ.എ.മഞ്ജുഷ എന്നിവർക്കെതിരായ അച്ചടക്കനടപടിയിന്മേൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്കനടപടി അവസാനിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1107/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/06/2021

---

പരാമർശം:- 1 വിജിലൻസ് ഡയറക്ടറുടെ 12.05.2015 തീയതിയിലെ ഇ7(എസ്.സി.118/2014/EKM) 22486/2014 നമ്പർ കത്ത്

2 02.05.2016 തീയതിയിലെ ഇയു2-68/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യഡയറക്ടറുടെ 24.10.2019 തീയതിയിലെ വി3-10670/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ് 16.07.2014-ൽ മൂവാറ്റുപുഴ നഗരസഭയിൽ നടത്തിയ പരിശോധനയിൽ കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ബിഎ-27/08-09 നമ്പർ നഗരസഭയുടെ ഫയൽ പ്രകാരം ശ്രീ. ബിജു ചെറിയാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മൂന്ന് നില കെട്ടിടത്തിന് ബിഎ-27/08-09 നമ്പറായി 28.05.2009-ൽ ബിൽഡിംഗ് പെർമിറ്റും 12.03.2010-ൽ ഒക്ക്യുപ്പൻസി സർട്ടിഫിക്കറ്റും നൽകിയിട്ടുള്ളതായും ടി കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോർ, കാർ പാർക്കിംഗിനു വേണ്ടിയും രണ്ടാം നിലയ്ക്ക് റസിഡൻഷ്യൽ പർപ്പസിനും വേണ്ടിയുമാണ് ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിട്ടുള്ളത് എന്നും, എന്നാൽ സെല്ലാർ ഫ്ലോർ കാർ പാർക്കിംഗിനു പകരം ഗോഡൗൺ ആയും രണ്ടാം നില വാണിജ്യാവശ്യത്തിനു വേണ്ടിയുമാണ് ഉപയോഗിച്ചിരുന്നതെന്നും വിജിലൻസ് പരിശോധനയിൽ കണ്ടെത്തുകയും പ്രസ്തുത വിഷയം നഗരസഭയിൽ യഥാസമയം അറിയിക്കാത്തതിനാൽ നഗരസഭയ്ക്ക് നികുതിയിനത്തിൽ ലഭിക്കേണ്ടിരുന്ന തുക നഷ്ടം സംഭവിച്ചിട്ടുള്ളതായും, ആയത് റവന്യൂ ഇൻസ്പെക്ടർ ശ്രീ. മാത്തുക്കുട്ടി, ക്ലാർക്ക് ശ്രീമതി എൻ.എ. മഞ്ജുഷ എന്നീ ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായും കണ്ടെത്തിയതിനാൽ പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ശ്രീമതി.എൻ.എ. മഞ്ജുഷ സമർപ്പിച്ച മറുപടി പ്രകാരം ശ്രീമതി. എൻ.എ. മഞ്ജുഷ മൂവാറ്റുപുഴ നഗരസഭയിൽ എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ 28.11.2013-ന് ജോലിയിൽ പ്രവേശിക്കുകയും 30.11.2013 മുതൽ 6,7,8,9,10 റവന്യൂ വാർഡുകളുടെ ബിൽ കളക്ടറായി ചുമതല ഏൽക്കുകയും 04.09.2015 വരെ മൂവാറ്റുപുഴ നഗരസഭയിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് ടിയാരിയുടെ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു നൽകിയതിനു ശേഷം പണി പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ നൽകുകയും ആയത് ബന്ധപ്പെട്ട ഓവർസിയറും മുനിസിപ്പൽ എഞ്ചിനീയറും ആവശ്യമെങ്കിൽ നഗരസഭ സെക്രട്ടറിയും സൈറ്റ് പരിശോധിച്ച് നിയമലംഘനങ്ങൾ ഇല്ലായെന്ന് ഉറപ്പുവരുത്തി കംപ്ലീഷൻ പ്ലാൻ അംഗീകരിച്ച് ഒക്യുപ്പെൻസി അനുവദിച്ച് നൽകുന്ന പ്രവൃത്തികളിൽ ഒന്നും തന്നെ ബിൽ കളക്ടർക്ക് യാതൊരു ബന്ധവും ഇല്ലാത്തതാണെന്നും, ഒരു ബിൽ കളക്ടറുടെ പ്രധാന ചുമതല ടിയാന് അനുവദിച്ചിട്ടുള്ള വാർഡുകളിലെ വസ്തു നികുതിയും തൊഴിൽ നികുതിയും ഡിമാന്റ് രജിസ്റ്റർ/ഹാൻഡ് ബുക്ക് പ്രകാരം കാലഹരണപ്പെടാതെ പിരിച്ചെടുക്കുക എന്നാതാണെന്നും ടിയാരിയുടെ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഓരോ നമ്പറിലും ചുമത്തിയിട്ടുള്ള നികുതി പിരിച്ചെടുക്കുമ്പോൾ പ്രസ്തുത നമ്പർ കെട്ടിടത്തിന്റെ സ്വാഭാവവും ഉപയോഗവും മറ്റും സംബന്ധിച്ച വിഷയങ്ങൾ ബിൽ കളക്ടർക്ക് അറിയാൻ കഴിയില്ലെന്നും കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നമ്പർ നൽകി നികുതി അസസ്സ് ചെയ്തതിനു ശേഷം പല കെട്ടിട ഉടമകളും കെട്ടിടത്തിന്റെ സ്വഭാവത്തിൽ നഗരസഭയുടെ അനുമതി ഇല്ലാതെ തന്നെ മാറ്റങ്ങൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ആയത് ബിൽ കളക്ടർ റിപ്പോർട്ട് ചെയ്യുകയാണ് ചെയ്ത് വരുന്നതെന്നും ടിയാരി മറുപടി സമർപ്പിച്ചിരിക്കുന്നു. അനധികൃത നിർമ്മാണം സംബന്ധിച്ച് പരാതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ നികുതി പിരിവ് നിർത്തിവച്ചിട്ടുള്ളതും തുടർന്ന് കെട്ടിട ഉടമ റഗുലറൈസ് പ്ലാൻ നൽകുകയും പ്ലാൻ അംഗീകരിച്ച് നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ളതും പുതുക്കിയ നികുതി അടപ്പിച്ചുവരുന്നതുമാണെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. വിജിലൻസ് പരിശോധന സമയം ബിൽ കളക്ടറായി ജോലിയിൽ പ്രവേശിച്ച് 6 മാസം മാത്രം സേവനദൈർഘ്യം ഉണ്ടായിരുന്നതിനാൽ അനധികൃത നിർമ്മാണം സംബന്ധിച്ച ചട്ടങ്ങളെയും നിയമവ്യവസ്ഥകളെയും കുറിച്ച് ശരിയായ അറിവ് ഉണ്ടായിരുന്നില്ലെന്നും ആയതിനാൽ പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു ബന്ധവും ടി വിഷയത്തിൽ ഉണ്ടായിട്ടില്ലെന്നും ടിയാരിയുടെ ഭാഗത്തു നിന്നും ബോധപൂർവ്വമോ അല്ലാത്തതോ ആയ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കണമെന്നും മെമ്മോയിലെ ചാർജ്ജ് പിൻവലിക്കണമെന്നും ശ്രീമതി. എൻ.എ മഞ്ജുഷ മറുപടിയിൽ അപേക്ഷിച്ചിരുന്നു.

3. ശ്രീ. എം. പി. മാത്തുക്കുട്ടി മൂവാറ്റുപുഴ നഗരസഭയിൽ 23.11.2013 മുതൽ 01.08.2014 വരെ മാത്രമാണ് റവന്യൂ ഓഫീസറായി ജോലി നോക്കിയിരുന്നതെന്നും നഗരസഭയിൽ കെട്ടിട നിർമ്മാണത്തിനായി ലഭ്യമാക്കുന്ന അപേക്ഷകൾ പരിശോധിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുമാണെന്നും നിർമ്മാണാനുമതി ലഭിക്കുന്ന കെട്ടിടങ്ങൾ പൂർത്തിയാകുമ്പോൾ ബന്ധപ്പെട്ട ഓവർസിയറും എഞ്ചിനീയറും ആവശ്യമെങ്കിൽ മുനിസിപ്പൽ സെക്രട്ടറിയും പരിശോധന നടത്തി നിയമാനുസൃതമായാണ് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതെന്ന് ഉറപ്പ് വരുത്തി ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് സഹിതം റവന്യൂ ഇൻസ്പെക്ടർക്ക് നൽകുകയും ആയത് റവന്യൂ ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി കെട്ടിട നമ്പർ നൽകി വസ്തു നികുതി നിശ്ചയിച്ച് റവന്യൂ ഓഫീസർക്ക് പരിശോധനക്കായി അയയ്ക്കുകയും ആയത് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതായും കെട്ടിട നമ്പർ

അനുവദിച്ച് നൽകിയതിനു ശേഷം ടി കെട്ടിടങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഒന്നുംതന്നെ സാധാരണയായി റവന്യൂ ഓഫീസർ പരിശോധിച്ച് വരുന്നില്ലെന്നും എന്നാൽ ഫീൽഡിൽ ഡ്യൂട്ടി ചെയ്യുന്ന ബിൽ കളക്ടർ, റവന്യൂ ഇൻസ്പെക്ടർ എന്നിവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും പ്രസ്തുത മെമ്മോയിൽ പറഞ്ഞിട്ടുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ ടിയാൻ ജോലി നോക്കിയിരുന്ന കാലയളവിനുള്ളിൽ ആരും തന്നെ റിപ്പോർട്ടുകൾ നൽകിയിട്ടില്ലെന്നും കൂടാതെ ടി കെട്ടിടം റഗുലറൈസ് ചെയ്യുകയും നികുതി പുതുക്കി നിശ്ചയിക്കുകയും നികുതി പൂർണ്ണമായും അടക്കുകയും ചെയ്തിട്ടുള്ളതായി ടിയാന്റെ അന്വേഷണത്തിൽ അറിഞ്ഞിട്ടുള്ളതായും ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും ടിയാന്റെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി തുടർനടപടിയിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. എം.പി മാത്തുക്കുട്ടി അഭ്യർത്ഥിച്ചിരിയ്ക്കുന്നു.

4. കുറ്റാരോപണ മെമ്മോ/പത്രികയുടെയും ആയതിന് ശ്രീ. എം.പി. മാത്തുക്കുട്ടി, ശ്രീമതി മഞ്ജുഷ എൻ.എ എന്നിവർ സമർപ്പിച്ച മറുപടിയുടെയും അടിസ്ഥാനത്തിലും ബന്ധപ്പെട്ട നഗരസഭ ഫയൽ പരിശോധിച്ചും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഒരു കെട്ടിട നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായി ഉറപ്പ് വരുത്തി ആയതിന്റെ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് സഹിതം റവന്യൂ ഇൻസ്പെക്ടർക്ക് നൽകി റവന്യൂ ഇൻസ്പെക്ടറുടെ സ്ഥല/കെട്ടിട പരിശോധനയ്ക്ക് ശേഷം കെട്ടിട നികുതി നിശ്ചയിച്ച് അസസ്സ്മെന്റ് നടത്തുകയും ആയതിന്റെ റിപ്പോർട്ട് റവന്യൂ ഓഫീസർക്ക് സമർപ്പിക്കുന്ന മുറക്ക് റവന്യൂ ഓഫീസർ അസസ്സ്മെന്റ് അംഗീകരിച്ച് അസസ്സ്മെന്റ് രജിസ്റ്ററിൽ സെക്രട്ടറിയുടെ അംഗീകാരത്തോടെ രേഖപ്പെടുത്തുന്നതിന് സെക്ഷന് കൈമാറുന്നതായി കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്നു. മേൽ പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം കെട്ടിട നിർമ്മാണത്തിൽ/സ്വഭാവത്തിൽ വരുത്തുന്ന മാറ്റങ്ങൾ റവന്യൂ ഓഫീസർ അറിയണമെന്നില്ലെന്നും ശ്രീ. എം.പി. മാത്തുക്കുട്ടി റവന്യൂ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന കാലയളവിൽ പരാതിക്കിടയാക്കിയ കെട്ടിടത്തിന്റെ സ്വാഭാവത്തിലുണ്ടായ മാറ്റം ആരും റിപ്പോർട്ട് ചെയ്തിട്ടില്ല എന്നുള്ളത് കണക്കിലെടുത്തും ടിയാൻ കൗൺസിൽ സെക്രട്ടറി തസ്തികയിൽ കൊച്ചി നഗരസഭയിൽ നിന്നും 30.04.2016-ന് സേവനത്തിൽ നിന്നും വിരമിച്ചത് കൂടി പരിഗണിച്ചും ശ്രീ. എം.പി. മാത്തുക്കുട്ടിക്കെതിരെയുള്ള ശിക്ഷാനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

5. നഗരസഭയിൽ ഒരു കെട്ടിട നിർമ്മാണത്തിന് അപേക്ഷ സമർപ്പിച്ചാൽ ആയത് പരിശോധിച്ച് ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് നഗരസഭയിലെ ബന്ധപ്പെട്ട ഓവർസിയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരാണെന്നും ആവശ്യമെങ്കിൽ നഗരസഭ സെക്രട്ടറി സൈറ്റ് നേരിൽ പരിശോധിച്ച് നിയമലംഘനം ഇല്ല എന്ന് ഉറപ്പ് വരുത്തിയും റവന്യൂ ഇൻസ്പെക്ടർ നികുതി അസസ്സ്മെന്റ് റിപ്പോർട്ട് ചെയ്യുന്നതും ആയത് റവന്യൂ ഓഫീസർ പരിശോധിച്ച് അംഗീകരിച്ച് സെക്ഷൻ, അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർക്കുന്നതുമാണ് നടപടിക്രമങ്ങൾ എന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്നു. റവന്യൂ ഇൻസ്പെക്ടറുടെ അസസ്സ്മെന്റ് പ്രകാരമുള്ള നികുതി പിരിച്ച് നഗരസഭയിൽ കാലഹരണപ്പെടാതെ ഒടുക്കുക എന്നതാണ് ക്ലാർക്കിന്റെ ചുമതലയെന്നും ടി കാലയളവിൽ സേവനത്തിൽ പ്രവേശിച്ച് ആറ് മാസം മാത്രമുള്ള ശ്രീമതി.എൻ.എ മഞ്ജുഷയ്ക്ക് ടി നികുതി പിരിച്ചെടുക്കുമ്പോൾ പ്രസ്തുത നമ്പർ കെട്ടിടത്തിന്റെ സ്വഭാവവും ഉപയോഗവും അറിയുവാൻ

കഴിയുകയില്ലെന്നുള്ള ടിയാരിയുടെ വിശദീകരണം പരിഗണനാർഹമാണെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. കൂടാതെ ബിൽ കളക്ടർമാർ നികുതി പിരിവിനായി ഉപയോഗിക്കുന്ന ഹാന്റ് ബുക്കിൽ കെട്ടിട ഉടമയുടെ പേരും വിലാസവും കെട്ടിട നമ്പറും നികുതിയും മാത്രമെ രേഖപ്പെടുത്തുകയുള്ളൂ എന്നും കെട്ടിടം സംബന്ധിച്ച മറ്റ് രേഖകൾ ഒന്നും ഹാന്റ് ബുക്കിൽ രേഖപ്പെടുത്താറില്ലെന്നും ആയതിനാൽ ബിൽ കളക്ടർമാർക്ക് കെട്ടിടങ്ങളിൽ വരുത്തിയ മാറ്റങ്ങൾ മനസ്സിലാക്കാൻ സാധിക്കില്ലെന്നുള്ള കാര്യം മൂവാറ്റുപുഴ നഗരസഭാ സെക്രട്ടറി ശരിവച്ചിട്ടുള്ളതാണെന്നും പ്രസ്തുത കെട്ടിടത്തിന്റെ സ്വഭാവ വ്യത്യാസത്തിന്മേൽ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി നോട്ടീസ് നൽകുകയും ഉപയോഗക്രമം ക്രമവത്ക്കരിക്കുന്നതിന് റിവൈസ്ഡ് പ്ലാൻ സമർപ്പിച്ച് കേരള മുനിസിപ്പാലിറ്റീസ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിയമാനുസൃത ഫീസ് ഈടാക്കി ഉപയോഗക്രമം ക്രമവത്ക്കരിച്ച് പുതുക്കിയ നികുതി ഈടാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ നഗരസഭയ്ക്ക് ധനനഷ്ടം ഉണ്ടായിട്ടില്ലായെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

7. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 2011-ലെ നികുതി പരിഷ്കരണത്തിനു മുമ്പ് (വാർഷിക വാടക മൂല്യം) ആന്വൽ റെന്റ് വാല്യൂ (ARV) അടിസ്ഥാനമാക്കിയാണ് നികുതി കണക്കാക്കിയിരുന്നത് എന്നതിനാൽ ഏരിയ അടിസ്ഥാനമാക്കിയുള്ള നികുതി താരതമ്യം ചെയ്യുന്നതിന് ബിൽ കളക്ടർമാർക്ക് നിർവ്വാഹമില്ലാത്തതാണ് എന്നും പ്ലിന്ത് ഏരിയ അടിസ്ഥാനപ്പെടുത്തിയുള്ള നികുതി പരിഷ്കരണ ഉത്തരവ് 2011-ൽ ഇറങ്ങിയെങ്കിലും നികുതി പ്രാബല്യത്തിൽ വന്നത് 2015-16 മുതലാണ് എന്നും കുറ്റാരോപണ മെമ്മോയ്ക്ക് ബന്ധപ്പെട്ട ജീവനക്കാർ സമർപ്പിച്ച മറുപടി പരിശോധിച്ച് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ചും കുറ്റാരോപണ വിധേയരായ റവന്യൂ ഓഫീസർ ശ്രീ. എം.പി. മാത്തുക്കുട്ടി കൊച്ചി നഗരസഭയിൽ കൗൺസിൽ സെക്രട്ടറി തസ്തികയിൽ നിന്നും 30.04.2016-ൽ വിരമിച്ചത് പരിഗണിച്ചും ബിൽ കളക്ടർ ശ്രീമതി. എൻ.എ.മഞ്ജുഷ സേവനത്തിൽ പ്രവേശിച്ചതേയുള്ളൂവെന്ന വസ്തുത പരിഗണിച്ചും ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

8. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും കുറ്റാരോപണ മെമ്മോ/പത്രികയുടെയും ആയതിന് ശ്രീ. എം.പി. മാത്തുക്കുട്ടി, ശ്രീമതി.മഞ്ജുഷ എൻ.എ എന്നിവർ സമർപ്പിച്ച മറുപടിയുടെയും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റേയും നഗരകാര്യഡയറക്ടറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചു.

9. മേൽ സാഹചര്യത്തിൽ ശ്രീ. എം.പി. മാത്തുക്കുട്ടി സർവ്വീസിൽ നിന്നും 30.04.2016-ൽ വിരമിച്ചത് പരിഗണിച്ചും ബിൽ കളക്ടർ ശ്രീമതി. എൻ.എ മഞ്ജുഷ സേവനത്തിൽ പ്രവേശിച്ചതേയുള്ളൂവെന്ന വസ്തുത പരിഗണിച്ചും മൂവാറ്റുപുഴ നഗരസഭയിൽ വിജിലൻസ് നടത്തിയ ക്രമക്കേടുകളെ തുടർന്ന് റവന്യൂ ഇൻസ്പെക്ടർ ശ്രീ. മാത്തുക്കുട്ടി, ക്ലാർക്ക് ശ്രീമതി.എൻ.എ. മഞ്ജുഷ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. മാത്തുക്കുട്ടി, റവന്യൂ ഇൻസ്പെക്ടർ, മൂവാറ്റുപഴ നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീമതി എൻ.എ. മഞ്ജുഷ,ക്ലാർക്ക്, മൂവാറ്റുപഴ നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ